# USS 2021

(മലയാളം മീഡിയം)

**അടിസ്ഥാനശാസ്ത്രം പാർട്ട് (ഇ) Question Numbers 45 – 57**

---

45. ആതിഥേയസസ്യത്തിൽനിന്ന് ജലവും ലവണങ്ങളും വലിച്ചെടുക്കുകയും സ്വയം ആഹാരം നിർമിക്കുകയും ചെയ്യുന്നു. താഴെക്കൊടുത്തവയിൽ ഏതിനാണ് ഈ പ്രസ്താവന ശരിയാവുന്നത്?

A മൂടില്ലാത്താളി B കൂൺ

C ഇത്തിൾക്കണ്ണി D മരവാഴ

46. യൂറോപ്പിന്റെ ബഹിരാകാശ ഏജൻസി ഏതാണ്?

A ISRO B NASA

C ESA D RSA

47. ഒരു വസ്തുവിന്റെ പ്രതിബിംബം സമതലദർപ്പണത്തിൽ കാണുന്നതാണ് ചിത്രത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. ഏതാണ് ശരിയായ ചിത്രീകരണം?




**A**




**B**




**C**




**D**

48. തന്നിരിക്കുന്നവയിൽ ശരിയായ ജോടി ഏത്?

A വിറ്റാമിൻ സി – കണ B വിറ്റാമിൻ ഡി – നിശാന്ധത

C വിറ്റാമിൻ എ – സ്കർവി D വിറ്റാമിൻ ബി – വായ്പ്പുണ്ണ്

49. പോഷണപ്രക്രിയയിലെ ഘട്ടങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

A ആഗിരണം B സ്വാംശീകരണം

C ദഹനം D ശ്വസനം

50. താഴെപറയുന്നതിൽ ഏതാണ് ശരിയായ പ്രസ്താവന?

A pH പേപ്പർ ഉപയോഗിച്ച് ആസിഡുകളെയും ആൽക്കലികളെയും നിർവീര്യ വസ്തുക്കളെയും തിരിച്ചറിയാം

B ചുവപ്പ് ലിറ്റ്മസ് പേപ്പർ ഉപയോഗിച്ച് ആസിഡുകളെ തിരിച്ചറിയാം.

C നീല ലിറ്റ്മസ് പേപ്പർ ഉപയോഗിച്ച് ആൽക്കലികളെ തിരിച്ചറിയാം.

D നീല ചെമ്പരത്തിപ്പേപ്പർ ഉപയോഗിച്ച് നിർവീര്യവസ്തുക്കളെ തിരിച്ചറിയാം.

51. ആരോഗ്യമുള്ള ഒരാളുടെ സാധാരണ ശരീരതാപനില എത്രയാണ്?

A $94.4^0$ F B $98.6^0$F

C $99.8^0$ F D $95.2^0$ F

52. വൈദ്യുതസെർക്കീട്ട് ചിത്രീകരിക്കുമ്പോൾ ഉപയോഗിക്കുന്ന ഒരു ചിഹ്നമാണിത്. ഈ ചിഹ്നം എന്തിനെ സൂചിപ്പിക്കുന്നു?



A സ്വിച്ച് ഓഫ് B സ്വിച്ച് ഓൺ

C ഫ്യൂസ് D ബസർ

53. ഏത് പദാർഥമാണ് തുരിശ് എന്ന പേരിൽ അറിയപ്പെടുന്നത്?

A കാത്സ്യം കാർബണേറ്റ് B കോപ്പർ സൾഫേറ്റ്

C പൊട്ടാസ്യം പെർമാംഗനേറ്റ് D സോഡിയം ക്ലോറൈഡ്

54. കെട്ടിടനിർമാണം പോലുള്ള പ്രവൃത്തികൾ ചെയ്യുന്നവർ പ്ലാസ്റ്റിക് പൈപ്പിൽ വെള്ളം നിറച്ച് പിടിച്ചുനോക്കുന്നത് കണ്ടിട്ടില്ലേ? ജലത്തിന്റെ എന്ത് സവിശേഷതയാണ് ഇവിടെ പ്രയോജനപ്പെടുത്തുന്നത്?



A. ജലം മൂന്ന് അവസ്ഥകളിലും സ്ഥിതിചെയ്യുന്നു.

B. ജലത്തിന് സ്ഥിതിചെയ്യാൻ സ്ഥലം വേണം.

C. ജലം വിതാനം പാലിക്കുന്നു.

D. ഒഴുകുന്ന ജലത്തിന് ശക്തിയുണ്ട്.

55. താഴെക്കൊടുത്തവയിൽ ഏതാണ് വലുപ്പക്രമത്തിൽ എഴുതിയത്?

A സൂര്യൻ – വ്യാഴം – തിരുവാതിര B സൂര്യൻ – തിരുവാതിര – വ്യാഴം

C തിരുവാതിര – വ്യാഴം – സൂര്യൻ D വ്യാഴം - സൂര്യൻ - തിരുവാതിര

56. തന്നിരിക്കുന്നവയിൽ തെറ്റായ ജോടി ഏത്?

A. ബയോപ്സി – കാൻസർ രോഗനിർണയം

B. ഇസിജി – ഹൃദ്രോഗനിർണയം

C. എൻഡോസ്കോപ്പി – ദഹനവ്യവസ്ഥയുടെ തകരാർ

D. **ആർ.ടി-പി.സി.ആർ - ഷിഗല്ല രോഗനിർണയം**

57. പോമ്പാനോ എന്ന മത്സ്യവുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന ഏത്?

A. വറ്റ എന്നും അറിയപ്പെടുന്നു.

B **ശുദ്ധജലത്തിൽ ജീവിക്കുന്ന മത്സ്യമാണ്.**

C. കടലിലും കായലിലും വളർത്താം.

D. കുളങ്ങളിൽ വളർത്തുന്നതിനുള്ള ഗവേഷണപ്രവർത്തനങ്ങൾ നടന്നുവരുന്നു.